പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1162

21.03.2013-ൽ മറുപടി നൽകേണ്ടത്

# ഭൂമി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ)സംസ്ഥാനത്ത് ഭൂമിയില്ലാത്ത എത്ര പേർ ഭൂമിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | (എ) ജില്ലാകളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സംസ്ഥാനത്ത് ആദ്യഘട്ട മായി ലഭിച്ച അപേക്ഷകരിൽ അർഹരായി കണ്ടെത്തി 15.8.2012- ന് 2,33,232 കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പിന്നീട് അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ചപ്പോൾ കിട്ടിയ അപേക്ഷകളിന്മേൽ അന്വേഷണം നടത്തി വരികയാണ്. |
| (ബി)ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്; | (ബി) 34734 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (സി)ഈ വർഷം എത്ര പേർക്കാണ് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ? | (സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടമായി 2013 ആഗസ്റ്റ് മാസം 15 ഓടുകൂടി ഭൂരഹിതരായ ഒരുലക്ഷംപേർക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കുന്നത്. ലഭ്യമാകുന്ന ഭൂമിയുടെ അളവിനും അർഹരായ ഗുണഭോക്താക്കളുടെ എണ്ണത്തിനും അനുസൃതമായി ജില്ലതിരിച്ച് പട്ടയവിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ